# കേരള സർവകലാശാല

നം. പി.ആർ.014/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

## എം.ബി.ബി.എസ് ടൈംടേബിൾ

കേരള സർവകലാശാലയുടെ മൂന്നാം വർഷ എം.ബി.ബി.എസ് പാർട്ട് രണ്ട് പരീക്ഷ ജനുവരി 30 ന് ആരംഭിക്കുന്നതാണ്. ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ഓൺലൈൻ രജിസ്ട്രേഷൻ

കേരള സർവകലാശാലയുടെ ഒന്നാം സെമസ്റ്റർ എം.സി.എ (2015 സ്കീം) റഗുലർ/സപ്ലിമെന്ററി പരീക്ഷയുടെ ഓൺലൈൻ രജിസ്ട്രേഷൻ ജനുവരി 19 മുതൽ ആരംഭിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.ടെക് ഫലം

കേരള സർവകലാശാല 2017 നവംബറിൽ നടത്തിയ 2015-2017 ബാച്ച് (സി.എസ്.എസ്) എം.ടെക് ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ (ഒപ്റ്റോഇലക്ട്രോണിക്സ് & ഒപ്റ്റിക്കൽ കമ്മ്യൂണിക്കേഷൻ) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

## മാർക്ക് ലിസ്റ്റുകൾ കൈപ്പറ്റണം

കേരള സർവകലാശാല വിദൂര വിദ്യാഭ്യാസകേന്ദ്രം 2017 ജൂലൈയിൽ നടത്തിയ എം.എ ഹിന്ദി (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ മാർക്ക് ലിസ്റ്റുകൾ പാളയം എസ്.ഡി.ഇ യുടെ ഓഫീസിൽ നിന്നും ജനുവരി 19, 20 തീയതികളിൽ ഹാൾടിക്കറ്റുമായി വന്ന് കൈപ്പറ്റേണ്ടതാണ്.

## ബി.ഡി.എസ് പരീക്ഷാ കേന്ദ്രം

കേരള സർവകലാശാല ജനുവരി 23 ന് ആരംഭിക്കുന്ന മൂന്നാം വർഷ ബി.ഡി.എസ്, 31 ന് ആരംഭിക്കുന്ന നാലാം വർഷ ബി.ഡി.എസ് (പാർട്ട് രണ്ട്) പരീക്ഷയ്ക്ക് അപേക്ഷിക്കുന്നവർ അതാതു കോളേജുകളിൽ നിന്നും ഹാൾടിക്കറ്റ് കൈപ്പറ്റി തിരുവനന്തപുരം ഗവ.ഡെന്റൽ കോളേജിൽ പരീക്ഷയ്ക്ക് ഹാജരാകേണ്ടതാണ്.

## അസിസ്റ്റന്റ് ഡയറക്ടറെ നിയമിച്ചു

കേരള സർവകലാശാല കായിക പഠന വകുപ്പിൽ ഡോ. ഡി. ജയരാജൻ ഡേവിഡിനെ അസിസ്റ്റന്റ് ഡയറക്ടർ ആയി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചു. തിരുവനന്തപുരം കോളേജ് ഓഫ് എൻജിനീയറിങ്ങിൽ ഫിസിക്കൽ എഡ്യൂക്കേഷൻ അസിസ്റ്റന്റ് പ്രൊഫസർ ആയി പ്രവർത്തിച്ചു വരുകയായിരുന്നു അദ്ദേഹം. കോഴിക്കോട് ഗവൺമെന്റ് കോളേജ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ പ്രിൻസിപ്പൽ ഇൻ-ചാർജ്, തിരുവനന്തപുരം വിമൻസ് കോളേജ് ഫിസിക്കൽ എഡ്യൂക്കേഷൻ വകുപ്പ് മേധാവി, മുപ്പത്തിയഞ്ചാം ദേശീയ ഗെയിംസ് അസിസ്റ്റന്റ് കോ ഓർഡിനേറ്റർ, എ.പി.ജെ അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി സ്പോർട്സ് കോ ഓർഡിനേറ്റർ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

## ബി.ടെക് ടൈംടേബിൾ

കേരള സർവകലാശാല ജനുവരി 31 ന് ആരംഭിക്കുന്ന എട്ടാം സെമസ്റ്റർ (2013 സ്കീം) സപ്ലിമെന്ററി പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

തിരുവനന്തപുരം.
18.01.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**